റോഡുകളിലെ കുഴിയടക്കുന്നതിനായി നൽകിയ കരാർ

212 (809) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിലെ റോഡുകളിലെ കുഴിയടയ്ക്കുന്നതിനായി ഈ വർഷം ഇതുവരെ ആകെ എന്തു തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ബി) കുഴികൾ ഇല്ലാത്ത റോഡുകളിൽ ഇത്തരത്തിൽ കുഴിയടക്കുവാൻ കരാർ നൽകിയതു സംബന്ധിച്ച് ധനകാര്യ വകുപ്പ് പരിശോധന നടത്തിയിരുന്നുവോ ;

(സി) ഇത്തരത്തിൽ എത്ര കോടി രൂപയുടെ കരാർ നൽകിയതായാണ് പരിശോധനയിൽ കണ്ടെത്തിയത് ;

(ഡി) ഇത്തരത്തിൽ സംസ്ഥാന ഖജനാവിന് വൻ നഷ്ടം വരുത്തുന്ന ഇല്ലാത്ത കുഴിയടക്കാൻ കരാർ നൽകിയ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ റോഡുകളിലെ കുഴിയടക്കുന്നതിനായി നിരത്തുകളും പാലങ്ങളും വിഭാഗം ഈ വർഷം 91.53 കോടി രൂപയും ദേശീയപാത വിഭാഗം 22.15 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം റോഡുകളിലെ കുഴികളുടെ എണ്ണം സംബന്ധിച്ചും അവ നികത്തിയ ശേഷമുള്ള വെരിഫിക്കേഷനുമാണ് നടത്തിയിട്ടുള്ളത്. മറ്റ് അന്വേഷണങ്ങൾ ഒന്നും നടത്തിയിട്ടില്ല.

(സി & ഡി) ബി പിരിവിലെ ഉത്തരത്തിന്റേ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

റോഡ് നിർമ്മാണ രംഗത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

213 (810) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ് റോഡ് നിർമ്മാണ രംഗത്ത് പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ചുള്ള വിവരങ്ങൾ നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly